കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി
KERALA STATE LITERACY MISSION AUTHORITY
(GENERAL EDUCATION DEPARTMENT, GOVERNMENT OF KERALA)
T.C. No.27/1461 Convent Road, Kammattam Lane, Vanchiyoor, Thiruvananthapuram-35
Phone: 0471-2472253, 2472254, Fax : 0471-2462252, E-mail: stateliteracymission@gmail.com

തീയതി: 18.07.2019

# പുരാരേഖ സർവേ റിപ്പോർട്ട് പ്രകാശനം 24ന്

തിരുവനന്തപുരം: സാക്ഷരതാമിഷൻ പുരാരേഖ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് നടത്തിയ പുരാരേഖ സർവേയുടെ റിപ്പോർട്ട് പ്രകാശനം ഈ മാസം 24ന് നടക്കും. ശാസ്ത്രസാങ്കേതിക മ്യൂസിയം ഹാളിൽ പകൽ 3.30ന് നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി സി.രവീന്ദ്രനാഥ്, പുരാരേഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ എന്നിവർ ചേർന്ന് റിപ്പോർട്ടിന്റെ പ്രകാശനം നിർവഹിക്കും.

സാക്ഷരതാമിഷന്റെ 70000 പത്താംതരം, ഹയർസെക്കൻഡറി തുല്യതാ പഠിതാക്കളുടെ നേതൃത്വത്തിൽ 2018 മെയ് ഒമ്പതിനായിരുന്നു സംസ്ഥാനത്ത് പുരാരേഖ സർവേ ആരംഭിച്ചത്. വ്യക്തി എന്ന നിലയിലും രണ്ടോ, മൂന്നോ പേർ അടങ്ങുന്ന സംഘം എന്ന നിലയിലുമായിരുന്നു സർവേ ടീമുകൾക്ക് രൂപം നൽകിയത്. കത്തുകൾ, കൈയെഴുത്തു പ്രതികൾ, താളിയോലകൾ, ശാസനങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയാണ് ചരിത്രരേഖകളായി പരിഗണിച്ചത്.

റിപ്പോർട്ട് പ്രകാശനത്തോടനുബന്ധിച്ച് 'ചരിത്രത്തിന്റെ വർത്തമാനങ്ങൾ' എന്ന വിഷയത്തിൽ ദ്വിദിന സെമിനാറും നടക്കും. 24ന് രാവിലെ 10ന് തുടങ്ങുന്ന സെമിനാർ ഡോ.കെ.എൻ.പണിക്കർ ഉദ്ഘാടനം ചെയ്യും. വിവിധ വിഷയങ്ങളിൽ പ്രൊഫ.വി.കാർത്തികേയൻ നായർ, ഡോ.രാജൻ ഗുരുക്കൾ, ഡോ.സനൽമോഹൻ എന്നിവർ പ്രഭാഷണം നടത്തും. ഡോ.പി.ജെ.വിൻസെന്റ്, മലയിൻകീഴ് ഗോപാലകൃഷ്ണൻ, ഡോ.കെ.എം.ഷീബ, ഡോ.ജോയി ബാലൻ, ഡോ.മൈക്കിൾ തരകൻ എന്നിവർ വിവിധ വിഷയങ്ങളിൽ നടക്കുന്ന സംവാദങ്ങൾക്ക് നേതൃത്വം നൽകും.

തികച്ചും അക്കാദമിക് സ്വഭാവമുള്ള സെമിനാറിൽ ചരിത്ര വിദ്യാർഥികൾ, സാക്ഷരത-തുല്യതാ പഠിതാക്കൾ, തുടർ വിദ്യാഭ്യാസ പ്രവർത്തകർ, അധ്യാപകർ തുടങ്ങി ചരിത്ര പഠനരംഗത്ത് താൽപര്യമുള്ള ഏതൊരാൾക്കും പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്കാണ് സെമിനാറിൽ പങ്കെടുക്കാൻ അവസരം ലഭ്യമാകുക. രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. സെമിനാറിൽ പങ്കെടുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. താൽപര്യമുള്ളവർ ജൂലൈ 20ന് മുമ്പായി പേര്, വിലാസം, ഫോൺ നമ്പർ, പ്രവർത്തന മേഖല/പഠനമേഖല എന്നിവ ഉൾപ്പെടെ charithraseminarkslma@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.

പബ്ലിക് റിലേഷൻസ് ഓഫീസർ